കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 23.12.2010

# ഇടശ്ശേരി:
# മലയാളമനസ്സിൽ മുദ്ര ചാർത്തിയ കവി

പി.വത്സല

വായനക്കാരുടെ മനസ്സിൽ മുദ്രചാർത്തിയ കവിയായിരുന്നു ഇടശ്ശേരി ഗോവിന്ദൻനായരെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് പി.വത്സല പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെയും ഇടശ്ശേരി സ്മാരകസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ഇടശ്ശേരി ഗോവിന്ദൻനായർ അനുസ്മരണ- പുരസ്കാരസമർപ്പണച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. മലയാളിസമൂഹത്തിന്റെ സാംസ്കാരിക അടയാളങ്ങളാണ് ഇടശ്ശേരി കവിതകളിൽ നിറഞ്ഞുനിൽക്കുന്നത്. അദ്ദേഹത്തിന്റെ ഓരോ കവിതകളും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്. കുറ്റിപ്പുറം പാലത്തിലൂടെ കടന്നുപോകുമ്പോൾ ഇടശ്ശേരിയെ ഓർക്കാതിരിക്കാൻ കഴിയില്ല. മുറിവേറ്റ ഭൂമിയെക്കുറിച്ചാണ് കുറ്റിപ്പുറം പാലത്തിലൂടെ കവി വ്യാകുലപ്പെടുന്നത്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു അത്. പ്രകൃതിയുടെ പ്രതിഭാസത്തെ മാറ്റിമറിക്കുന്നത് മനുഷ്യന്റെ ദുർപ്രവൃത്തികളാണെന്ന് വർഷങ്ങൾക്കു മുമ്പുതന്നെ ഇടശ്ശേരി തന്റെ കവിതകളിലൂടെ കുറിച്ചിട്ടു. അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം സത്യസന്ധമായിരുന്നു. ശുഭ്രവസ്ത്രം ധരിച്ച് ഗ്രാമീണ മനസ്സോടെ ലളിതമായി ജീവിച്ച ഇടശ്ശേരി ജീവിതാനുഭവങ്ങളോട് തികച്ചും നീതി പുലർത്തി. ഇന്നത്തെപ്പോലെ ജാഡകളോ കെട്ടിഎഴുന്നെള്ളിക്കലോ ഇല്ലാതെ ജീവിതത്തെ പറ്റിയുള്ള ജ്ഞാനമാണ് നൽകിയത്. ശുദ്ധമായ മലയാളത്തിന്റെ മാധുര്യവും താളവും തന്റെ കവിതകളിലൂടെ മൃദുലവും സുതാര്യവുമാക്കി. വികൃതമായ ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ കവിതയേയും യഥാവിധത്തിലുള്ള കലകളേയും നാം ആഴത്തിൽ ഉൾക്കൊള്ളേണ്ടതുണ്ട്. സൗന്ദര്യാനുഭൂതിയും ചിന്താശേഷിയും നൽകുന്ന കവിതകൾ മലയാളത്തിന് സമർപ്പിച്ച ഇടശ്ശേരിയെ കാലം എന്നും ഓർക്കുമെന്നും പി.വത്സല പറഞ്ഞു.

മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. മലയാളസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയ പൊന്നാനിക്കളരിയിലെ സവിശേഷവ്യക്തിത്വത്തിനുടമയായിരുന്നു ഇടശ്ശേരിയെന്ന് അക്കിത്തം പറഞ്ഞു. താൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ കവിതയെഴുന്നതിനു പ്രോത്സാഹിപ്പിച്ചത് ഇടശ്ശേരിയെന്ന വലിയ കവിയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇടശ്ശേരി പുരസ്കാര ജേതാവ് പി.എം.ഗോവിന്ദനുണ്ണിക്ക്, മഹാകവി അക്കിത്തം പുരസ്കാരം സമർപ്പിച്ചു. ഡോ.ബി.വി.ശശികുമാർ ഇടശ്ശേരി അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. പി.പി.കെ. പൊതുവാൾ പുരസ്കാരഗ്രന്ഥത്തെയും ഗ്രന്ഥകർത്താവിനെയും പരിചയപ്പെടുത്തി. അശോകൻ ചരുവിൽ സംസാരിച്ചു. പി.എം.ഗോവിന്ദനുണ്ണി മറുപടി പ്രസംഗം നടത്തി. കൂട്ടുകൃഷി നാടകം ആദ്യമായി അവതരിപ്പിച്ചപ്പോൾ അതിലഭിനയിച്ച അക്കിത്തത്തേയും, കെ.വി.ജോണിനേയും പി.വത്സല പൊന്നാടയണിയിച്ച് ആദരിച്ചു. അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി സ്വാഗതവും ജയചന്ദ്രൻ പൂക്കരത്തറ നന്ദിയും പറഞ്ഞു.

രാവിലെ നടന്ന ചടങ്ങിൽ കൈരളി ചാനലിലെ മാമ്പഴം പരിപാടിയിൽ ഇടശ്ശേരി കവിതകളവതരിപ്പിച്ച പ്രതിഭകളെ ആദരിച്ചു. പ്രൊഫ. കെ.പി.ശങ്കരൻ അദ്ധ്യക്ഷതവഹിച്ചു. അനുനന്ദ, നിജില, ശർമിള, രാഗീഷ്, മാർട്ടിൻ, ജയപ്രിയ, വിഷ്ണു എന്നിവർ ഇടശ്ശേരിക്കവിതകൾ ആലപിച്ചു. ഇടശ്ശേരിക്കവിതയിലെ ആലാപനസാദ്ധ്യതകൾ എന്ന വിഷയത്തിൽ ഡോ.എസ്.പി.രമേശ് സംസാരിച്ചു. ഇടശ്ശേരി സ്മാരകസമിതി സെക്രട്ടറി പി.കൃഷ്ണവാരിയർ സ്വാഗതവും ട്രഷറർ ടി.കെ.മുഹമ്മദ് നന്ദിയും പറഞ്ഞു.

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി